പതിനാലാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 243

23.01.2018-ൽ മറുപടിയ്ക്ക്

## സംസ്ഥാനത്തെ വാഹനാപകടങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് വാഹനാപകടങ്ങൾക്ക് ഇടയാക്കുന്ന വാഹനങ്ങൾ അപകട സ്ഥലത്ത് നിർത്താതെ പോകുന്നത് മൂലം ഇത്തരം കേസുകളിൽ തുടർനടപടി സ്വീകരിക്കാൻ കഴിയാത്ത സാഹചര്യം നിലവിലുണ്ടോ ; ഇത്തരം വാഹനങ്ങൾ കണ്ടെത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത് ; | (എ) ഇത്തരം സാഹചര്യങ്ങൾ വളരെ അപൂർവ്വമായി മാത്രമേ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളു. ഇത്തരം വാഹനങ്ങൾ കണ്ടെത്തുന്നതിനായി സമീപ പ്രദേശങ്ങളിലേയും പാതയോരത്തേയും സി.സി.ടി.വി ക്യാമറകൾ പരിശോധിച്ചും സമീപവാസികളോടും കടക്കാരോടും, വർക്ക് ഷോപ്പുകൾ, വാഹന ഷോറൂമുകൾ എന്നിവിടങ്ങളിൽ അന്വേഷണം നടത്തിയും ദൃക്സാക്ഷികളെ കണ്ടു ചോദിച്ചും ലഭിക്കുന്ന വിവരങ്ങൾ ശേഖരിച്ച് വാഹനത്തിന്റെ രജിസ്ട്രേഷൻ നമ്പർ തിരിച്ചറിഞ്ഞ് മോട്ടോർ വാഹന വകുപ്പുമായി സഹകരിച്ച് വാഹന ഉടമസ്ഥനെ കണ്ടെത്തിയും സ്ഥലത്തു നിന്നു ലഭിക്കുന്ന മറ്റ് തെളിവുകളുടെ അടിസ്ഥാനത്തിലും ശാസ്ത്രീയ പരിശോധനയിലൂടെ ലഭിക്കുന്ന വിവരങ്ങളനുസരിച്ചും വാഹനങ്ങളെ കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (ബി) | കഴിഞ്ഞ ആറ് മാസത്തിനിടയിൽ മലപ്പുറം ജില്ലയിൽ ഇത്തരം എത്ര വാഹനാപകട കേസുകളാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത് ; | (ബി) | 15 കേസ്സുകൾ |
| (സി) | ഇതിൽ എത്ര കേസുകളിൽ അപകടത്തിനിടയാക്കിയ വാഹനങ്ങൾ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട് ; | (സി) | 6 കേസ്സുകൾ |
| (ഡി) | ഇനി എത്ര കേസുകളിൽ അപകടത്തിനിടയാക്കിയ വാഹനങ്ങൾ കണ്ടെത്താനുണ്ട് ; വിശദാംശം ലഭ്യമാക്കുമോ ? | (ഡി) | 9 കേസ്സുകളിൽ അപകടത്തിനിടയാക്കിയ വാഹനങ്ങൾ കണ്ടെത്താനുണ്ട്. |

Sd/-

സെക്ഷൻ ഓഫീസർ